പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2688 | 19/06/2014 - ൽ മറുപടിക്ക്
നൽകേണ്ടിയിരിക്കുന്നത്

എസ്.എസ്.എ. പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എ.റ്റി. ജോർജ്ജ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) എസ്.എസ്.എ. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) ഗുണനിലവാരമുള്ള സാർവത്രിക പ്രൈമറി വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ.) ത്രിതല പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ എന്നിവ കൂട്ടായി ഈ പദ്ധതി നടപ്പാക്കി വരുന്നു. എല്ലാ കുട്ടികളെയും സ്കൂളിലെത്തിക്കുക, ഒന്നാം തരത്തിൽ ചേരുന്ന എല്ലാ കുട്ടികളും കൊഴിഞ്ഞുപോകാതെ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കുക, ഇക്കാര്യത്തിൽ ആൺ, പെൺ വിവേചനം അവസാനിപ്പിക്കുക, മുഴുവൻ കുട്ടികൾക്കും ഗുണനിലവാര വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നിവയാണ് എസ്.എസ്.എ. യുടെ ലക്ഷ്യങ്ങൾ. |
| (ബി) പ്രാഥമിക വിദ്യാഭ്യാസ വികസനത്തിന് എത്ര തുകയ്ക്കാണ് കേന്ദ്ര സർക്കാർ ഈ വർഷം എസ്.എസ്.എ വഴി നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പ്രാഥമിക വിദ്യാഭ്യാസ വികസനത്തിന് 2014-15 സാമ്പത്തിക വർഷം 429.81 കോടിയുടെ പദ്ധതി അടങ്കലിനാണ് കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയം അംഗീകാരം നൽകിയിരിക്കുന്നത്. ഫണ്ടുകൾ ലഭിച്ചു തുടങ്ങിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത തുകയുടെ സംസ്ഥാന വിഹിതം എത്രയാണ്; വിശദമാക്കുമോ; | (സി) | കേന്ദ്രം അനുവദിച്ച 429.81 കോടിയുടെ 65% കേന്ദ്രവിഹിതവും 35% സംസ്ഥാന വിഹിതവുമാണ്. |
| (ഡി) | സംസ്ഥാനവിഹിതം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ: | (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന തുകയും, സംസ്ഥാന പ്ലാൻ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയും ചേർത്തുള്ള 35% സംസ്ഥാന വിഹിതമായി എസ്.എസ്.എ.യ്ക്ക് അനുവദിക്കുന്നത്. ഈ വർഷം സംസ്ഥാന ബഡ്ജറ്റിൽ 7 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. |
| (ഇ) | എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിവഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഇ) | എല്ലാ കുട്ടികളെയും സ്കൂളിൽ എത്തിക്കുക ഒന്നാം തരത്തിൽ ചേരുന്ന എല്ലാ കുട്ടികളും കൊഴിഞ്ഞുപോകാതെ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കുക ഇക്കാര്യത്തിൽ ആൺ പെൺ വിവേചനം അവസാനിപ്പിക്കുക മുഴുവൻ കുട്ടികൾക്കും ഗുണനിലവാര വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നിവയാണ് എസ്.എസ്.എ. പദ്ധതി വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ